# എം.കെ മുനീറിനോട് ചില ചോദ്യങ്ങൾ

**ജൂലൈ** അഞ്ചിന്റെ (ലക്കം 47) *കേരള ശബ്ദ*ത്തിൽ മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി എം.കെ മുനീർ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ നടത്തിയ രൂക്ഷവിമർശനം പരിഹാസ്യമാണ്. കാരണം, നാളിതുവരെ നടന്ന തെരഞ്ഞെടുപ്പുകളിലെല്ലാം മുനീറിന്റെ പാർട്ടി ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണയും വോട്ടും തേടിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി ലീഗിനെ പിന്തുണച്ചിട്ടുമുണ്ട്. ഇ. അഹ്മദിന് ന്യായമായ കാരണത്താൽ പിന്തുണ നൽകാതെ ഇ.ടി മുഹമ്മദ് ബഷീറിന് ജമാഅത്തെ ഇസ്‌ലാമി പിന്തുണ നൽകി. അത്രവലിയ അഭിമാനബോധവും തന്റേടവുമുണ്ടായിരുന്നെങ്കിൽ, ഞങ്ങളുടെ അഖിലേന്ത്യാ നേതാവിനെ അപമാനിച്ചുകൊണ്ടുള്ള പിന്തുണ പൊന്നാനിയിൽ ഞങ്ങൾക്ക് വേണ്ടെന്ന് തീർത്തു പറയാനുള്ള ആർജവം കാണിക്കണമായിരുന്നു.

ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ഉറഞ്ഞുതുള്ളുന്ന മുനീറിനോട് ചില ചോദ്യങ്ങൾ:

1. മുസ്‌ലിം ലീഗ് രണ്ടായി പിളർന്ന് ഒരു വ്യാഴവട്ടത്തിലേറെക്കാലം തമ്മിലടിച്ച് അന്തരീക്ഷ മലിനീകരണം നടത്തിയപ്പോൾ *ചന്ദ്രിക*യിലും *ലീഗ് ടൈംസി*ലും വന്ന നിരവധി ലേഖനങ്ങൾ ചേർത്തുവെച്ച് വായിച്ചാൽ നിരവധി അപ്രിയ സത്യങ്ങൾ കാണാം. ഇതേപ്പറ്റി മുനീറിനും കൂട്ടാളികൾക്കും എന്തു പറയാനുണ്ട്?

2. ജനാധിപത്യ വിരുദ്ധമായിരുന്ന വിമോചന സമരത്തെപ്പറ്റി മുനീറിന്റെ അഭിപ്രായമെന്ത്?

3. മർഹൂം സി.എച്ച് മുഹമ്മദ് കോയ സി.ഐ.എ സ്പോൺസേർഡ് സംഘടനയായ എം.ആർ.എയുടെ ആതിഥ്യം സ്വീകരിച്ച് നടത്തിയ ലണ്ടൻ, കയ്റോ യാത്രകൾ അക്കാലത്തെ ലീഗ് നേതൃത്വം, ഒരുവേള അബദ്ധത്തിൽ സി.ഐ.എ കെണിയിൽ കുടുങ്ങിയിരുന്നുവെന്നതിനുള്ള തെളിവായി ചിലർ ചൂണ്ടിക്കാണിക്കുന്നുണ്ട്. മുമ്പ് *ലീഗ് ടൈംസി*ലൂടെ അഖിലേന്ത്യാ ലീഗ് വക്താക്കളും ഈ ആരോപണം ഉന്നയിച്ചിരുന്നു. മുനീർ എന്തു പറയുന്നു?




4. മുസ്‌ലിം ലീഗ് കമ്യൂണിസ്റ്റുകളുമായി ഗാഢബന്ധം സ്ഥാപിക്കുകയും ദീർഘകാലം അത് തുടരുകയും ചെയ്യുകവഴി കമ്യൂണിസ്റ്റുകൾക്ക് മുസ്‌ലിം സമുദായത്തിലേക്ക് വഴി എളുപ്പമാക്കി കൊടുക്കുകയാണ് ചെയ്തത്. കമ്യൂണിസത്തോട് മുസ്‌ലിംകൾ പുലർത്തിയ എതിർപ്പ് അതുവഴി ഇല്ലാതായി (ഇപ്പോഴും സി.എം.പിയും ഗൗരിയമ്മയും മറ്റും കൂടെയുണ്ട്). കൂടാതെ സി.എച്ച് മുഹമ്മദ് കോയയും മറ്റും സോവിയറ്റ് യൂനിയൻ സന്ദർശിച്ചത് കെ.ജി.ബിയുടെ കെണിയിൽ കുടുങ്ങിയിട്ടാണെന്ന ആക്ഷേപവുമുണ്ട്. സോവിയറ്റ് യൂനിയനിൽ പോയതിന് പിറകെ സി.എച്ച് എഴുതിയ യാത്രാവിവരണം കമ്യൂണിസത്തിന് മൈലേജ് ഉണ്ടാക്കിക്കൊടുക്കാൻ സഹായകമായില്ലേ?

5. അഖിലേന്ത്യാ ലീഗിലെ സമുന്നതരായ അഞ്ച് നേതാക്കൾ 'മിസ' പ്രകാരം ജയിലിലിലടക്കപ്പെട്ടു. ചെറിയ മമ്മുക്കേയി, ഉമർ ബാഫഖി തങ്ങൾ, പി.എം അബൂബക്കർ, വി.പി മഹ്മൂദ് ഹാജി, സി.എച്ച് ഇബ്റാഹീം ഹാജി എന്നിവരെയാണ് ഇരുപത് മാസം ജയിലിലിലടച്ചത്. ഇവർ ഇരുമ്പഴിക്കുള്ളിലായത് ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് നേതാക്കളുടെ ഗൂഢാലോചനയുടെ ഫലമായിട്ടായിരുന്നുവെന്ന് അഖിലേന്ത്യാ ലീഗ് പ്രവർത്തകർ വിശ്വസിക്കുകയും ആരോപിക്കുകയും ചെയ്തിരുന്നു. ഇതേക്കുറിച്ച് അന്ന് യൂനിയൻ ലീഗിന്റെ അനിഷേധ്യ നേതാവായിരുന്ന ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബ് പറഞ്ഞത് കാണുക: "...അഖിലേന്ത്യാ ലീഗ് നേതാക്കളെ 'മിസ'യിൽ കുടുക്കി ജയിലിലിലടക്കുന്നതിന് ഞാൻ എതിരായിരുന്നു. സി.എച്ച് മുഹമ്മദ് കോയ, ബി.വി അബ്ദുല്ലക്കോയ, ചാക്കീരി അഹ്മദ് കുട്ടി എന്നിവരൊക്കെയായിരുന്നു ഇതിനു പിന്നിൽ. അറസ്റ്റ് ഒഴിവാക്കാൻ ഞാൻ പരമാവധി ശ്രമിച്ചു. ബി.വിയുടെ വീട്ടിൽ ചേർന്ന മുസ്‌ലിം ലീഗ് യോഗത്തിൽ ഇതിനെതിരെ ഞാൻ ശക്തമായി വാദിക്കുകയും ചെയ്തു.... പ്രതികാര രാഷ്ട്രീയം നന്നല്ലെന്നും ആ പാർട്ടി വളരുന്നതിനായിരിക്കും അത് വഴിവെക്കുകയെന്നും ഞാൻ അഭിപ്രായപ്പെട്ടിരുന്നു. പക്ഷേ, ഫലമുണ്ടായില്ല. എന്റെ അഭിപ്രായം ആരും മുഖവിലക്കെടുത്തില്ല എന്നതാണ് തുടർന്നുള്ള അറസ്റ്റും മറ്റും വ്യക്തമാക്കിയത്" (ഉദ്ധരണം: *കനൽപഥങ്ങളിലൂടെ ഒരാൾ*, പേജ് 383). സേട്ടിന്റെ ഈ പ്രസ്താവന ലീഗ് നേതൃത്വം നിഷേധിച്ചിട്ടില്ല. തലശ്ശേരിയിൽ മമ്മുക്കേയി ചികിത്സാർഥം പരോളിലിറങ്ങിയപ്പോൾ സന്ദർശിക്കാൻ ആശുപത്രിയിൽ ചെന്ന അന്നത്തെ ആഭ്യന്തരമന്ത്രി കെ. കരുണാകരൻ പറഞ്ഞത് കൂടി കാണുക: "... എന്നെ വിശ്വസിക്കൂ! ഈ തടവിന്ന് ഞാനുത്തരവാദിയല്ല. താങ്കളുടെ പഴയ സഹപ്രവർത്തകരുടെ നിരന്തര നിർബന്ധം കൊണ്ടാണ് ഞാനിതിന് സമ്മതിച്ചത്...." ഇത് വെളിപ്പെടുത്തിയത് ജില്ലാ ജഡ്ജിയും ഗവൺമെന്റ് ലോ സെക്രട്ടറിയുമായിരുന്ന അഡ്വ. സി. ഖാലിദ് സാഹിബാണ്. കരുണാകരൻ വെളിപ്പെടുത്തിയ സത്യത്തിൽ മനംനൊന്ത മമ്മുക്കേയി പ്രതികരിച്ച വാചകം സി. ഖാലിദ് തന്നെ ഉദ്ധരിക്കുന്നതിങ്ങനെ: "... പിന്നീട് ഈ ലേഖകന്റെയും മകൻ ബാബുവിന്റെയും കൈകൾ ഗ്രഹിച്ചുകൊണ്ട് കണ്ഠമിടറി കേയി പറഞ്ഞു: നിങ്ങൾ രണ്ടുപേരോടും ഗൗരവമായി എനിക്ക് ഒരു ഒസ്യത്തുണ്ട്. എത്രകാലം ഞാൻ തടവിൽ കിടന്നാലും എന്നോടുള്ള സഹതാപം കൊണ്ട് നിങ്ങളാരും സി.എച്ചിനെയോ ഇ. അഹ്മദിനെയോ കണ്ടുപോകരുത്. അങ്ങനെ വല്ലതും നടന്നതായി അറിഞ്ഞാൽ നിങ്ങളോട് ഞാൻ പൊറുക്കുകയില്ല" (*വാരാദ്യമാധ്യമം* 2004 മെയ് 23).

6. ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് തങ്ങളുടെ ഊട്ടി പ്രമേയത്തിന്റെ സൽഫലമാണെന്ന് അവകാശവാദമുന്നയിച്ച്, ഇന്ത്യ ദർശിച്ച ഏറ്റവും വലിയ ഫാഷിസ്റ്റ് നടപടികളിലൊന്നായ അടിയന്തരാവസ്ഥക്ക് സ്തുതിപാടിയതും, ബാബരി മസ്ജിദ് തകർക്കാൻ സകല പിന്തുണയും നൽകിയ നരസിംഹറാവുവിനെ പിന്തുണച്ച് അധികാരത്തിൽ അള്ളിപ്പിടിച്ചതും, ഇന്ത്യയുടെ അന്ധവും ഭ്രാന്തവുമായ അമേരിക്കൻ അനുകൂല വിദേശനയത്തെ ന്യായീകരിക്കുന്നതും, മുതലാളിത്ത സാമ്പത്തിക നയങ്ങളെ കണ്ണടച്ച് പിന്തുണക്കുന്നതും, കോൺഗ്രസ്സിന്റെ അപകടകരമായ മൃദുഹിന്ദുത്വവും മുസ്‌ലിം വിരുദ്ധ നയങ്ങളും സഹിച്ച് അർഹിക്കുന്ന സീറ്റു പോലും വാദിച്ച് വാങ്ങാതെ ഹീനമായ കോൺഗ്രസ് വിധേയത്വം പുലർത്തുന്നതുമെല്ലാം മുസ്‌ലിം ലീഗിലെ നല്ലവരായ അണികൾക്ക് എതിർപ്പുള്ള കാര്യമാണെന്ന വസ്തുത മുനീറിന് നിഷേധിക്കാനാവുമോ? എന്തിനാണിത്ര വിധേയത്വം കോൺഗ്രസ്സിനോട്

പുലർത്തുന്നത്? ഇത് ചിന്താശീലരായ ലീഗുകാർ തന്നെ ചോദിക്കുന്ന ചോദ്യമാണ്. ബംഗാളിൽ ഒരുകാലത്ത് ശക്തമായിരുന്ന മുസ്‌ലിംലീഗ് പിന്നീട് ക്ഷയിക്കാനിടയായത് എന്തുകൊണ്ട്? അധികാരത്തിന്റെ പലവിധ സൗകര്യങ്ങളടക്കം പല അനുകൂല ഘടകങ്ങളുണ്ടായിട്ടും മുസ്‌ലിം ലീഗ് കേരളത്തിന് പുറത്ത് പച്ചപിടിക്കാത്തതെന്തുകൊണ്ട്?

**എ.ആർ അഹ്മദ് ഹസൻ**
**പെരിങ്ങാടി**

## സ്വത്വരാഷ്ട്രീയത്തിനും പ്രാധാന്യം നൽകണം

**'ചരിത്രമെഴുത്തിന്റെ** കലഹരീതികൾ' (ലക്കം 5) എന്ന തലക്കെട്ടിൽ വന്ന പുസ്തക നിരൂപണം പ്രശംസയർഹിക്കുന്നു. മതേതര വ്യവഹാരങ്ങളോട് പുറംതിരിഞ്ഞ് നിൽക്കാൻ ആദർശ രാഷ്ട്രീയ വ്യവഹാരങ്ങൾക്ക് പകരം സ്വത്വരാഷ്ട്രീയ ചിഹ്നങ്ങൾ ഉപയോഗിക്കപ്പെടേണ്ടതുണ്ട്. കപട മതേതര യുക്തികളിൽ അഭിരമിക്കുന്ന സവർണ പൊതുബോധത്തോട് രാജിയാവാതെ സാംസ്കാരിക കലാപങ്ങൾക്ക് വഴിയൊരുക്കുന്ന ഇത്തരം പഠനങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അധഃസ്ഥിതരുടെ സാംസ്കാരിക വിനിയമങ്ങളോടാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ചേർന്നുനിൽക്കേണ്ടത്. ഉന്നതജാതിയുടെ ആശീർവാദങ്ങളിലൂടെയല്ല അരികുവത്കരിക്കപ്പെട്ടവരുടെ ഐക്യപ്പെടലുകളിലൂടെയേ സമ്പൂർണ സാമൂഹിക വിപ്ലവങ്ങൾ അരങ്ങേറുകയുള്ളൂ. മധ്യവർഗ ആലസ്യങ്ങൾക്ക് ചരിത്രത്തിൽ ഏറെയൊന്നും പറയാനാവില്ല. ചരിത്രത്തിന്റെ സത്യസന്ധമായ ഉയിർത്തെഴുന്നേൽപുകളെ സാംസ്കാരിക, ചരിത്ര ബുദ്ധിജീവികൾ മാറ്റിനിർത്തുമ്പോൾ ഇത്തരം തുരുത്തുകളോട് ഒട്ടിനിൽക്കാൻ നമുക്ക് സാധിക്കണം. രാഷ്ട്രീയവും ആദർശപരവുമായ ഒരു ബാധ്യത ഇതിലൂടെ നിർവഹിക്കപ്പെടുന്നു.

**പി. സമീർ മലപ്പുറം**

## ചുരുക്കെഴുത്ത്

**എം.ഡി** നാലപ്പാട്ടുമായുള്ള അഭിമുഖം(ലക്കം 3) വായിച്ചു. ഈ മഹാ സന്ദേശം കൂടുതൽ പേരിലെത്തിക്കാനായി ഇസ്‌ലാമിക പ്രസ്ഥാനം അത് ഒരു ലഘുലേഖയായി പ്രസിദ്ധീകരിക്കണം. മറ്റു ഭാഷകളിലേക്കും വിവർത്തനം ചെയ്യണം.

**ഉണ്ണീൻ കുട്ടി മലസ്, രിയാദ്**

## യുക്തിവാദികൾ ഒറ്റപ്പെടുന്നു

**'യുക്തിവാദികൾ:** വംശനാശവും പരിണാമവും' എന്ന എൻ.എം ഹുസൈന്റെ പ്രതികരണം (ലക്കം 5) ശ്രദ്ധേയമായിരുന്നു.

'തലച്ചോറിന്റെ ഏതോ ഭാഗത്തുള്ള ചെറിയ അപാകത കാരണമാണ് യുക്തിവാദിക്ക് ഈശ്വരഭക്തി എന്ന വികാരം ഇല്ലാതായിപ്പോയത്. കരുണ, സ്നേഹം, ഭയം തുടങ്ങിയ വികാരങ്ങളില്ലാത്ത അപൂർവം ചില മനുഷ്യരില്ലേ, അതുപോലെ.' മുമ്പ് ഇങ്ങനെ ആരെങ്കിലും പറഞ്ഞിരുന്നെങ്കിൽ അത് അസഹിഷ്ണുവായ ഏതോ മതവാദിയുടെ വിലകുറഞ്ഞ ആരോപണമായോ പരിഹാസമായോ മാത്രമേ കണക്കാക്കപ്പെടുമായിരുന്നുള്ളൂ. എന്നാൽ ഇന്ന് ഈ പരാമർശം ഒരു ശാസ്ത്രീയ സത്യമാണ്.

ദൈവത്തെയും മതത്തെയും ഇല്ലാതാക്കാൻ ഉപയോഗപ്പെടുത്താം എന്ന ആവേശത്തിൽ എന്താണെന്നോ ഏതാണെന്നോ അറിയാതെ ശാസ്ത്രത്തെ ഏറ്റെടുക്കുകയും അതിന് അപ്രമാദിത്വം കൽപിക്കുകയും ചെയ്തത് തങ്ങൾക്ക് പറ്റിയ വലിയ അക്കിടിയായിപ്പോയെന്ന് ഇപ്പോഴാണ് യുക്തിവാദികൾ മനസ്സിലാക്കിത്തുടങ്ങുന്നത്. ശാസ്ത്രത്തിന്റെ പുതിയ ദിശകളിലുള്ള വളർച്ചകൾ ഓരോന്നും യുക്തിവാദത്തിന്റെ അയുക്തികളിലേക്ക് കൂടിയാണ് വെളിച്ചം വീശുന്നത്. ശാസ്ത്രത്തിന്റെ പിന്തുണയില്ലാത്ത, വരണ്ട ഒരു തത്ത്വശാസ്ത്ര ചിന്ത മാത്രമായി മാറുകയാണിന്ന് യുക്തിവാദം.

ശാസ്ത്രജ്ഞരിൽ ബഹുഭൂരിപക്ഷവും ആത്മീയവാദികളും ദൈവവിശ്വാസികളുമാണ്. യുക്തിവാദ മൗലികവാദത്തിനടിപ്പെട്ടിട്ടില്ലാത്ത ഭൗതികവാദികളായ ചില ശാസ്ത്രജ്ഞർ ദൈവത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും ദൈവമുണ്ടാവാനുള്ള സാധ്യത നിരാകരിക്കാത്തവരാണ്; ദൈവവിശ്വാസം മനുഷ്യന് നന്മയാണുണ്ടാക്കുന്നതെന്ന് വിശ്വസിക്കുന്നവരാണ്. ചുരുങ്ങിയത്, പരിണാമചക്രത്തിനിടെ ഭൂമിയിലെ നിലനിൽപ് ഭദ്രമാക്കാൻ ഒരു സ്പിഷീസ് എന്ന നിലക്ക് മനുഷ്യൻ ആർജിച്ചെടുത്ത ഒരു അതിജീവനതന്ത്രമാണ് ദൈവവിശ്വാസമെന്ന് വിശ്വസിക്കുന്നവരെങ്കിലുമാണ്.

ദൈവത്തെയും മതത്തെയും തെറി പറയാൻ യുക്തിവാദികൾക്കാരുമില്ലിനി കൂട്ടിന്. ഈ ഒറ്റപ്പെടലിന്റെ അസ്വസ്ഥതയാണ് ഫാഷിസ്റ്റുകളുടെ ചുമരുകളെ ആശ്രയിക്കേണ്ട ഗതികേട് യുക്തിവാദികൾക്കുണ്ടാക്കിയത്. ജബ്ബാറും സെയ്തു മുഹമ്മദുമൊക്കെ ഫാഷിസ്റ്റുകളുടെ പത്രങ്ങളെ ആശ്രയിക്കുക മാത്രമല്ല ചെയ്യുന്നത്, അവരുടെ രീതിയിലുള്ള തരംതാണതും കാപട്യം നിറഞ്ഞതുമായ ആരോപണങ്ങളുന്നയിക്കുകയും അവരുടെ നിലപാടുകളിലെത്തിച്ചേരുകയും ചെയ്യുന്നു. ഫാഷിസ്റ്റുകളും യുക്തിവാദികളും ഒരേ തൂവൽപക്ഷികളാവുന്നതെന്തുകൊണ്ടാവാം?

മൂല്യങ്ങളിൽ വിശ്വാസമില്ലാത്ത യുക്തിവാദികളും ജീവിതത്തിൽനിന്ന് മൂല്യങ്ങളെ കൈയൊഴിച്ച് അക്രമത്തിന്റെയും അസഹിഷ്ണുതയുടെയും വക്താക്കളായി മാറിയ ഫാഷിസ്റ്റുകളും ഒരേ തൂവൽപക്ഷികളായില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇന്ത്യൻ ഫാഷിസത്തിന്റെ തലതൊട്ടപ്പനായ വി.ഡി സവർക്കർ യുക്തിവാദികൂടിയായിരുന്നുവെന്നത് ഇതിനോട് കൂട്ടിവായിക്കാവുന്നതാണ്.

**ഹനീഫ് വളാഞ്ചേരി**